# പതിമൂന്നാം കേരളനിയമസഭ

## പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5437 — 28.07.2015 ലെ മറുപടിക്ക്

**ന്യൂനപക്ഷ വകുപ്പ് മേധാവിയെ സ്ഥിരപ്പെടുത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എ.കെ.ബാലൻ** | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | ഡെപ്യൂട്ടേഷനിലെത്തിയ ന്യൂനപക്ഷ വകുപ്പ് മേധാവിയെ സർക്കാർ സർവ്വീസിൽ പ്രസ്തുത തസ്തികയിൽ തന്നെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ;ഏത് സർവ്വീസിൽ നിന്നാണ് അദ്ദേഹം ഡെപ്യൂട്ടേഷനിൽ വന്നിട്ടുള്ളത് ; | (എ) | സ്വകാര്യ എയ്ഡഡ് കോളേജിൽ നിന്നും ഡെപ്യൂട്ടേഷൻവ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ന്യൂനപക്ഷക്ഷേമവകുപ്പ് ഡയറക്ടറെ റഗുലറൈസ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ്; നിലവിലുള്ള മേധാവിയ്ക്ക് പ്രസ്തുത യോഗ്യതകൾ എല്ലാം ഉണ്ടോ ; വ്യക്തമാക്കാമോ ; | (ബി) | **നിലവിൽ ഡയറക്ടർതസ്തികക്ക്** യോഗ്യത നിശ്ചയിച്ചിട്ടില്ല. |
| (സി) | അദ്ദേഹത്തെ സർവ്വീസിൽ സ്ഥിരപ്പെടുത്താനുള്ള നീക്കത്തെ ധന,നിയമ,ഭരണ പരിഷ്കാര വകുപ്പുകൾ എതിർത്തിരുന്നോ; എങ്കിൽ പ്രസ്തുത എതിർപ്പുകൾ അവഗണിച്ച് അദ്ദേഹത്തെ നിയമിക്കാനുള്ള സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ ? | (സി) | എതിർത്തിട്ടുണ്ട്.ഈ സാഹചര്യത്തിൽ ന്യൂനപക്ഷക്ഷേമവകുപ്പുഡയറക്ടറെ റഗുലറൈസ്ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ് |

Vajeena

സെക്ഷൻ ഓഫീസർ